# ദൈവരാജ്യം


കോതമംഗലം രൂപത ബുള്ളറ്റിൻ



മാർച്ച് 2022 വാല്യം 61 ലക്കം 3

ജോസഫ് നിദ്രയിൽനിന്ന് ഉണർന്ന്, കർത്താവിൻെറ ദൂതൻ
കൽപിച്ചതുപോലെ പ്രവർത്തിച്ചു...
മത്തായി 1 : 24

# ആദരാഞ്ജലികൾ



## ഫാ. ജയിംസ് വടക്കേൽ

| | | |
|---|---|---|
| ഇടവക | : | കരിമണ്ണൂർ |
| ജനനം | : | 12/09/1944 |
| തിരുപ്പട്ടം | : | 21/12/1969 |
| മരണം | : | 03/02/2022 |
| മൃതസംസ്കാരം | : | 08/02/2022 |

### സേവനരംഗങ്ങൾ

**അസി. വികാരി**

പാറത്തോട്, രാജാക്കാട്

**വികാരി**

സ്ലീവാമല, മങ്കുവ, പൂവാംകണ്ടം, രാജപുരം, ആലക്കോട്, പൊന്നന്താനം, ചിറ്റൂർ, പുന്നമറ്റം, തലയനാട്, നേര്യമംഗലം, വാഴക്കാല, കോട്ടപ്പടി, തോട്ടക്കര, ഞായപ്പിള്ളി, മേക്കടമ്പ്, മാതിരപ്പിള്ളി, വെട്ടിമറ്റം, തെന്നത്തൂർ, മിഷൻ പ്രവർത്തനം: ബിസ്മിക്ക് രൂപത (അമേരിക്ക)

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ

മാർച്ച് 2022 വാല്യം 61 ലക്കം 3





## ഉള്ളടക്കം


5 മദ്യവിരുദ്ധ ഞായർ – സർക്കുലർ
9 രൂപതക്കച്ചേരി
14 മൈനർ സെമിനാരി
15 വിജ്ഞാനഭവൻ
16 കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി
17 നിർമ്മല സിവിൽ സർവീസ് അക്കാദമി
17 സോഷ്യൽ സർവീസ്
19 തിരുബാലസഖ്യം
19 ചെറുപുഷ്പ മിഷൻലീഗ്
20 കെ. സി. എസ്. എൽ.
21 ഫാമിലി അപ്പോസ്തലേറ്റ്
21 പിതൃവേദി
22 മാതൃവേദി
23 ഡി. എഫ്. സി.
23 യുവദീപ്തി
24 ജീസസ് യൂത്ത്
25 പ്രാർഥനാഗ്രൂപ്പ്
26 സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
27 കേരള ലേബർ മൂവ്മെന്റ്
27 ഇൻഫാം
28 നെസ്റ്റ് പ്രോഗ്രാം
28 തിരുനാൾ മംഗളങ്ങൾ
30 രൂപതാദ്ധ്യക്ഷന്റെ ഡയറി
32 Bishop's Engagements
32 നമ്മുടെ പ്രാർഥനയിൽ ഓർക്കാം
33 നിര്യാതരായി



**Patron**

MAR GEORGE MADATHIKANDATHIL
(Bishop of Kothamangalam)

**Editor**

REV. FR. JOSE KULATHOOR

**Printer & Publisher**

REV. DR. GEORGE THEKKEKARA




The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
8281946306 bishophouseklm@gmail.com

## പള്ളിയിൽ അറിയിക്കുവാൻ

Page 5 മദ്യവിരുദ്ധ ഞായർ

Page 12 ജൂബിലി സ്മാരക സ്കോളർഷിപ്പ് പരീക്ഷ

## തിരുനാളുകൾ




18 ജറുസലെമിലെ വി സിറിൾ



19 വി. യൗസേപ്പിതാവ്




25 മംഗലവാർത്തത്തിരുനാൾ

Ref: 3632 /K-5/KCBC/OL/DS 01.02.2022

# മദ്യവിരുദ്ധ ഞായർ, 2022 മാർച്ച് 20

## മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

വന്ദ്യവൈദികരേ, സന്യാസസഹോദരരേ, മിശിഹായിൽ വിശ്വാസികളെ,

2022 ലെ ഈ വലിയ നോമ്പുകാലത്ത് മാർച്ച് 20 മദ്യവിരുദ്ധ ഞായറായി കേരളകത്തോലിക്കാസഭ ഒന്നടങ്കം ആചരിക്കുകയാണ്. മദ്യവും മയക്കുമരുന്നും മനുഷ്യ സമൂഹത്തിൽ ഉണ്ടാക്കുന്ന മഹാ വിപത്തിനെതിരെ പ്രതികരിക്കാനും ജനങ്ങളെ ബോധവല്ക്കരിക്കാനുമുള്ള നമ്മുടെ ദൗത്യം നിറവേറ്റുന്നതിന് ഇത് അവസരമൊരുക്കുന്നു. ഇത്തരം ദിനാചരണവും ലഹരിവിരുദ്ധ ബോധവല്ക്കരണവും ലോകാരോഗ്യസംഘടനതന്നെ ആഹ്വാനം ചെയ്തിട്ടുള്ളതാണ്. ഈ കഴിഞ്ഞ ക്രിസ്തുമസ്- നവവത്സരാഘോഷങ്ങളുടെ പേരുംപറഞ്ഞ് 138 കോടി മദ്യം കുടിച്ചു തീർത്തവരാണ് സമ്പൂർണ സാക്ഷരരെന്നഭിമാനിക്കുന്ന കേരള ജനത. ഇക്കൂട്ടത്തിൽ ഒട്ടുംകുറവല്ലാത്ത ഒരുവിഭാഗം നമ്മുടെ മക്കളാണ് എന്നത് നമ്മുടെ കണ്ണുതുറപ്പിക്കണം. പലപ്പോഴും മദ്യവിരുദ്ധ പ്രസ്ഥാനക്കാരുടെ പ്രധാന പ്രവർത്തനം സർക്കാരിന്റെ മദ്യനയത്തെ വിമർശിക്കലാണ്. തീർച്ചയായും ഭരിക്കുന്നവരുടെ വികലവും ജനദ്രോഹപരവുമായ നടപടികളെ നാം അപലപിക്കണം. എന്നാൽ അതിലും പ്രധാനപ്പെട്ടതാണ് സഭാമക്കൾ മദ്യവും മയക്കുമരുന്നുകളും ഉപേക്ഷിക്കണമെന്ന് ഊന്നിപ്പറയുക എന്നുള്ളത്. കേരളത്തിന്റെ പ്രത്യേക പശ്ചാത്തലത്തിൽ മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ഉപയോഗം സാമൂഹ്യതിന്മകളാണെന്നും ക്രിസ്തീയജീവിതശൈലിക്ക് നിരക്കാത്തതാണെന്നും ബോധ്യപ്പെടുത്തുന്നതിനുള്ള ശ്രമമാണ് ഈ ഇടയലേഖനം.

ക്രൈസ്തവവിശ്വാസവും ക്രിസ്തീയ ധാർമ്മികതയും വേർതിരിക്കാനാവാത്തവിധം ബന്ധപ്പെട്ടവയാണ്. രണ്ടിന്റെയും അടിസ്ഥാനം ബൈബിളും സഭയുടെ പഠനങ്ങളും പാരമ്പര്യങ്ങളുമാണ്. സൂനഹദോസുകളുടെ തീരുമാനങ്ങൾക്കും വിശുദ്ധരുടെ ജീവിതമാതൃകകൾക്കും നമ്മുടെ വിശ്വാസ ജീവിതത്തിൽ വലിയ സ്ഥാനമുണ്ട്.

1. **ബൈബിൾ:** നമ്മെ വിശുദ്ധീകരിക്കുകയും രക്ഷിക്കുകയും ചെയ്യുന്ന ദൈവവചന സമാഹാരമായ ബൈബിളിൽ മദ്യപാനത്തെ കുറ്റപ്പെടുത്തുന്ന 80-ൽ കൂടുതൽ തിരുമൊഴികളുണ്ട്. വീഞ്ഞ് പരിഹാസകനും മദ്യം കലഹക്കാരനുമാണ്. അവയ്ക്ക് അടിമപ്പെടുന്നവന് വിവേകമില്ല (സുഭാഷിതങ്ങൾ 20:1). സുഖലോലുപതയിലോ മദ്യലഹരിയിലോ അവിഹിത വേഴ്ചകളിലോ വിഷയാസക്തിയിലോ കലഹങ്ങളിലോ അസൂയയിലോ വ്യാപരിക്കരുത് (റോമ13:13). വചന വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ മദ്യപിക്കുന്നവർ ചെറുതോ വലുതോ ആയ അളവിൽ ദൈവവചനത്തെ ലംഘിക്കുന്നു.

2. **സഭാപഠനങ്ങൾ:** കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം നമ്പർ 2290, 2291 എന്നിവ മദ്യവും മയക്കുമരുന്നുകളും ഗൗരവമായ കുറ്റവും നാശവുമാണെന്ന് വ്യക്തമായി പഠിപ്പിക്കുന്നു. ആരോഗ്യം പരിപോഷിപ്പിക്കുന്നതിനെക്കുറിച്ചാണ് നമ്പർ 2288-ൽ പ്രതിപാദിക്കുന്നത്. മദ്യവും മയക്കുമരുന്നുകളും മനുഷ്യനിലെ സ്നേഹഭാവവും ദൈവികച്ഛായയും തകർത്തെറിയും. ഒരിക്കലും ഒരു വിശ്വാസി അവയെ താലോലിക്കരുത്.

3. **പുണ്യചരിതരുടെ സദുപദേശങ്ങൾ:** വിശുദ്ധരുടെ തിരുനാളുകൾ കൊണ്ടാടാൻ സഭാമക്കൾക്ക് ഏറെ സന്തോഷമാണ്. നമ്മുടെ ചർച്ചാവിഷയവുമായി ബന്ധപ്പെട്ട ഏതാനും മാതൃകാവ്യക്തികളുടെ സന്ദേശങ്ങളും സാക്ഷ്യങ്ങളും ഇവിടെ പ്രസക്തമാണ്. പതിനാറാം നൂറ്റാണ്ടിൽ കേരളത്തിന്റെ കടലോരങ്ങളിൽ സുവിശേഷവേലചെയ്ത വിശുദ്ധ ഫ്രാൻസീസ് സേവ്യർ അക്കാലത്ത് ഇവിടെ സർവസാധാരണമായിരുന്ന മദ്യപാനത്തെ നഖശിഖാന്തം എതിർത്തിരുന്നു. നവോത്ഥാന നായകനും സി.എം.ഐ സഭാസ്ഥാപകനുമായ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിന്റെ വാക്കുകളിൽ, മദ്യപാനം ലോകത്തിന്റെ മുമ്പാകെ അപമാനമുള്ളതും തമ്പുരാന്റെ മുമ്പിൽ എത്രയും ദോഷമുള്ളതുമാണ്. ചങ്ങനാശ്ശേരി രൂപതയുടെ പ്രഥമ തദ്ദേശീയ മെത്രാനും SABS സന്യാസിനീസമൂഹത്തിന്റെ സ്ഥാപകനുമായ ധന്യൻ മാർ തോമസ് കുര്യാളശേരി പിതാവ് പ്രസ്താവിച്ചു: മദ്യം എന്ന വിഷം മനുഷ്യനുള്ളിൽ പ്രവേശിച്ചാൽ അത് കാട്ടിക്കൂട്ടുന്ന ഗോഷ്ടികളും അനർത്ഥങ്ങളും എന്തുമാത്രമെന്ന് പറഞ്ഞറിയിപ്പാൻ സാധിക്കുന്നതല്ല. തൃശ്ശൂർ രൂപതയുടെ ഒന്നാമത്തെ മെത്രാനായ അഡോൾഫ് എഡ്വിൻ മെഡ്ലിക്കോട്ട് 1891 മീനമാസത്തിലെ ഇടയലേഖനത്തിൽ മദ്യപാനം

വരുത്തിവയ്ക്കുന്ന വൻദുരന്തങ്ങൾ വിശദീകരിച്ചുകൊണ്ട് മദ്യപാനികളും മദ്യവില്പനക്കാരും അബ്ക്കാരികളും ഇതിൽനിന്ന് പിന്തിരിയണമെന്ന് ശക്തമായി ആവശ്യപ്പെട്ടു. തിരുക്കുടുംബ സന്യാസസമൂഹ സ്ഥാപകയായ വിശുദ്ധ മറിയം ത്രേസ്യ വീടുവീടാന്തരം കയറിയിറങ്ങി മദ്യപാനികളെ തേടുകയും അവരെ നവീകരിക്കുകയും ചെയ്തിരുന്നു. സി.എം.സി. സഭാംഗമായ വിശുദ്ധ എവുപ്രാസ്യ മദ്യപാനികളുടെ ഭാര്യമാരെ സാന്ത്വനിപ്പിക്കുകയും മദ്യവിമുക്തിക്കായി പ്രാർഥിക്കുകയും ചെയ്തിട്ടുണ്ട്. മലബാറിന്റെ മോസസ് എന്നറിയപ്പെടുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി പിതാവ് അരനൂറ്റാണ്ടുകാലം മദ്യവിപത്തിനെതിരെ പടപൊരുതി. മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ ഭാഗ്യസ്മരണാർഹനായ ആർച്ച് ബിഷപ്പ് ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ് തിരുമേനി, തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ആർച്ച് ബിഷപ്പ് അഭിവന്ദ്യനായ സൂസൈപാക്യം ഇവരൊക്കെ മദ്യം - മയക്കുമരുന്ന് ഇവയുണ്ടാക്കുന്ന വിപത്തുകളെ പൊതുസമക്ഷം നഖശിഖാന്തം എതിർത്ത് മാതൃക നൽകിയവരാണ്. ദീപ്തമായ ഈ മാതൃകകൾ നമുക്ക് വഴിവെളിച്ചം പകരട്ടെ.

മദ്യവും മയക്കുമരുന്നുകളും വരുത്തിവയ്ക്കുന്ന കുടുംബകലഹങ്ങൾ, തകർച്ചകൾ, വാഹനാപകടങ്ങൾ, ആരോഗ്യപ്രശ്നങ്ങൾ ഇവയൊക്കെ ആർക്കാണ് അറിഞ്ഞുകൂടാത്തത്? നാടിനെയും വീടിനെയും വ്യക്തികളെയും നശിപ്പിക്കുന്ന ഈ തിന്മകൾക്കെതിരെ നമുക്ക് ഒത്തൊരുമിച്ചു പ്രവർത്തിക്കാം. മദ്യമുക്തമായ സഭയും സമൂഹവുമെന്ന പ്രഖ്യാപിത ലക്ഷ്യപ്രാപ്തിക്കായി അക്ഷീണം അദ്ധ്വാനിക്കാം, പ്രാർത്ഥിക്കാം. ലഹരിവിരുദ്ധമായ തിരുവചനങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യാം. ലഹരിവിരുദ്ധമായ സഭാപഠനങ്ങൾ നമുക്ക് നെഞ്ചിലേറ്റാം. ഒരുകാരണവശാലും നമ്മുടെ വീടുകളെ മദ്യപാന പരിശീലന കളരികളാക്കില്ലെന്ന് പ്രതിജ്ഞയെടുക്കാം. അടുത്ത തലമുറയെക്കരുതിയെങ്കിലും ഈ സാമൂഹ്യതിന്മയ്ക്കെതിരെ ശക്തമായ നിലപാടുകളെടുത്ത് മുന്നോട്ട് നീങ്ങാൻ സർവ്വശക്തനായ ദൈവം നമ്മെ എല്ലാവരേയും അനുഗ്രഹിക്കുമാറാകട്ടെ! സമൂഹത്തെ മദ്യാസക്തിയുടെ നീരാളിപ്പിടുത്തത്തിൽ നിന്നും മോചിപ്പിക്കാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്ന എല്ലാവരും മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായി ഉദാരമായ സംഭാവനകൾ നല്കാൻ മുന്നോട്ടുവരണം.

2022 മാർച്ച് 20-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങൾക്കായി നല്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ് യൂഹാനോൻ മാർ തെയോഡോഷ്യസ്**

(ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

**ബിഷപ് സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ**

(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

**ബിഷപ് ക്രിസ്തുദാസ്. ആർ**

(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

---

N.B.: 2022 മാർച്ച് 20-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോമലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും വായിക്കണം. ഓരോ ഇടവകയിലും സ്ഥാപനത്തിലും മദ്യവിരുദ്ധ ഞായർ ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം.

# രൂപതക്കച്ചേരി

## *C.21/2022* മലേക്കുരിശ് തീർഥാടനം

നമ്മുടെ രൂപതയിലെ പൗരാണികമായ ആരക്കുഴ-മലേക്കുരിശിലേയ്ക്കുള്ള തീർത്ഥാടനത്തിനും മലകയറ്റത്തിനും രണ്ടര നൂറ്റാണ്ടിലേറെ പഴക്കമുണ്ട്. ലോകമെമ്പാടും ക്രൈസ്തവർ പീഡിപ്പിക്കപ്പെടുകയും ക്രിസ്തീയ വിശ്വാസം ചോദ്യം ചെയ്യപ്പെടുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ വലിയ നോമ്പിനോടനുബന്ധിച്ച് രൂപതാകുടുംബം ഒരുമിച്ച് മലകയറുന്നതും, പ്രാർഥിക്കുന്നതും അനുഗ്രഹപ്രദമാണ്. **2022 മാർച്ച് 4-ാം തീയതി വെള്ളിയാഴ്ച** രൂപതാതലത്തിൽ ആരക്കുഴ-മലേക്കുരിശ് തീർഥാടനം നടത്താൻ ആഗ്രഹിക്കുകയാണ്. അന്നേ ദിവസം വൈകിട്ട് 4.30-ന് ആരക്കുഴ കപ്പേളയിൽ (മാളികപ്പീടിക) നിന്ന് കാൽനടയായി മലേക്കുരിശിലേക്ക് തീർഥാടനം നടത്തുന്നതും തുടർന്ന് മലമുകളിൽ വി. ബലി അർപ്പിച്ച് പ്രാർഥിക്കുന്നതുമാണ്. ഇക്കാര്യം ബഹു. വികാരിയച്ചന്മാർ ഇടവകകളിൽ അറിയിച്ച് കഴിയുന്നത്ര വിശ്വാസികളെ ഇതിൽ പങ്കുചേരാൻ പ്രോത്സാഹിപ്പിക്കുമല്ലോ.

*Bishop*

## C. *22/2022* അജപാലന സന്ദർശനം

| | | |
|---|---|---|
| 2022 മാർച്ച് 13 | - | മൈലക്കൊമ്പ് |
| 2022 മാർച്ച് 20 | - | കാളിയാർ |
| 2022 മാർച്ച് 27 | - | മാറിക |

*Bishop*

## C. *23/2022* പുതുക്കിയ കുർബാന ധർമ്മവും പടിസാധനവും

2021 ഡിസംബർ 14-ന് നടന്ന പ്രിസ്ബിറ്ററൽ കൗൺസിലിന്റെ തീരുമാനപ്രകാരം കുർബാനധർമ്മത്തിന്റെയും പടിസാധനത്തിന്റെയും നിരക്ക് പുതുക്കിയിരിക്കുന്നു. 2022 ഏപ്രിൽ 1 മുതൽ പുതുക്കിയ നിരക്ക് പ്രാബല്യത്തിൽ വരുന്നതാണ്. 2022 മാർച്ച് 31-നു മുമ്പ് പഴയ നിരക്കിലുള്ള കുർബാനധർമ്മങ്ങൾ രൂപതക്കച്ചേരിയിൽ ഏല്പിക്കേണ്ടതാണ്. 2022 ഏപ്രിൽ 1 മുതൽ പുതുക്കിയ നിരക്കിൽ മാത്രമേ കുർബാനധർമ്മവും മറ്റു പടിസാധനങ്ങളും രൂപതാക്കച്ചേരിയിൽ സ്വീകരിക്കുകയുള്ളൂ.

| തിരുക്കർമ്മങ്ങൾ | പള്ളിക്ക് | കാർമികന് | സഹകാർമികന് | കപ്യാർക്ക് | പാട്ടുകാർക്ക് | ആകെ |
|---|---|---|---|---|---|---|
| ഒറ്റക്കുർബാന | - | 100.00 | | | | 100.00 |
| ആത്മകാര്യം ഒറ്റക്കുർബാന (ഉഭയ കുർബാന) | - | 120.00 | | | | 120.00 |
| **ആഘോഷമായ കുർബാന** | **25.00** | **130.00** | | **20.00** | **25.00** | **200.00** |
| **ഗ്രിഗോറിയൻ കുർബാന** | | **6000.00** | | | | **6000.00** |
| റാസ | 125.00 | 225.00 | 3 X 125.00 | 75.00 | 200.00 | 1000.00 |
| **ചെറിയ ഒപ്പീസ് പള്ളിയിൽ** | **4.00** | **10.00** | | **6.00** | | **20.00** |
| **ചെറിയ ഒപ്പീസ് സിമിത്തേരിയിൽ** | **6.00** | **15.00** | | **9.00** | | **30.00** |
| വലിയ ഒപ്പീസ് | 7.00 | 15.00 | 2 X 10.00 | 8.00 | | 50.00 |
| **അന്നീദാ** | | **5.00** | | | | **5.00** |
| ലദീഞ്ഞ് പള്ളിയിൽ | 10.00 | 20.00 | | 15.00 | 15.00 | 60.00 |
| ലദീഞ്ഞ് പള്ളിക്കു വെളിയിൽ | 15.00 | 25.00 | | 20.00 | 20.00 | 80.00 |
| മാദ്ധ്യസ്ഥാപേക്ഷ ദിവസത്തിന് (നൊവേന) | 15.00 | 25.00 | | 10.00 | | 50.00 |
| അമ്പ്, മുടി മുതലായവ | 20.00 | | | | | 20.00 |
| അടിമവയ്ക്കൽ | 4.00 | 12.00 | | 4.00 | | 20.00 |
| വീടുവെഞ്ചരിപ്പ് | | 60.00 | | 40.00 | | 100.00 |
| നാളോത്ത്, പുലകുളി, ചാത്തം | | 60.00 | | 40.00 | | 100.00 |
| ഊട്ട്, പള്ളിയിൽ | 15.00 | 20.00 | | 15.00 | | 50.00 |
| ഊട്ട്, വീട്ടിൽ | 10.00 | 55.00 | | 35.00 | | 100.00 |
| ഏസ്തി | 15.00 | | | 35.00 | | 50.00 |
| മണിയടി | 30.00 | | | 50.00 | | 80.00 |
| ശവസംസ്കാരം | 80.00 | | | 120.00 | | 200.00 |
| പൈതൽ ഊട്ട്- ഒരു കുർബാന, ബാക്കി സാധുക്കൾക്ക് | | | | | | 300.00 |
| മുതിർന്നവരുടെ ഊട്ട്-ഒരു കുർബാന, ബാക്കി സാധുക്കൾക്ക് | | | | | | 400.00 |

## C. *24/2022* വൈദികരുടെ സ്റ്റഡി ഫോറവും മാസധ്യാനവും

മാർച്ച് 15, 16 തീയതികളിൽ 10.00 മണി മുതൽ 3.00 മണി വരെ നെസ്റ്റിൽ വച്ച് വൈദികരുടെ സ്റ്റഡി ഫോറവും മാസധ്യാനവും നടത്തപ്പെടുന്നു.

മാർച്ച് 15 – കോതമംഗലം, വെളിയേൽച്ചാൽ, കുറുപ്പംപടി, ഊന്നുകൽ, മൂവാറ്റുപുഴ, ആരക്കുഴ, വാഴക്കുളം.

മാർച്ച് 16 – തൊടുപുഴ, മാറിക, മൈലക്കൊമ്പ്, മുതലക്കോടം, കരിമണ്ണൂർ, കാളിയാർ, പൈങ്ങോട്ടൂർ

*Bishop*

## C. *25/2022* ഇടവകപൊതുയോഗം

കോവിഡ് മഹാമാരിയുടെ പ്രത്യേക സാഹചര്യത്തിൽ പൊതുയോഗങ്ങൾ കൂടുന്നത് അപ്രായോഗികമായതിനാൽ പാരീഷ് കൗൺസിൽ കൂടി തീരുമാനമെടുക്കാൻ അധികാരം നൽകിയിരുന്നു. എന്നാൽ കോവിഡ് വ്യാപനം കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ പൊതുയോഗതീരുമാനമെടുക്കേണ്ട കാര്യങ്ങളിൽ ഇടവകപൊതുയോഗം ചേർന്ന് കാര്യങ്ങൾ തീരുമാനിക്കുന്ന പതിവ് തുടരേണ്ടതാണ് എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

*Protosyncellus*

## C. *26/2022* വാർഷിക റിപ്പോർട്ട്

പള്ളി, മഠം, ആശ്രമം, മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ വാർഷിക റിപ്പോർട്ട് രൂപതക്കച്ചേരിയിൽ ഇനിയും എത്തിച്ചിട്ടില്ലാത്തവർ എത്രയും വേഗം അത് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

*Protosyncellus*

## *Pr.C. 2/2022* Meeting of the Presbyteral Council

An ordinary meeting of the Presbyteral Council will be held on **Tuesday, 2022 May 3, from 10.00 am to 1.00 pm** at the Bishop's House. The members are cordially invited.

Topics to be included in the Agenda may be sent to the secretary before 2022 April 25.

*Secretary*

*PC. 2/2022* **Meeting of the Pastoral Council**

An ordinary meeting of the Pastoral Council will be held on **Saturday, 2022 May 7, from 10.00 am to 1.00 pm** at NESTT, Muvattupuzha. The members are cordially invited.

Topics to be included in the Agenda may be sent to the secretary before 2022 April 25.

*Secretary*

*JS.2/2022* **ജൂബിലി സ്മാരക സ്കോളർഷിപ്പ്**

മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക സ്കോളർഷിപ്പിലേയ്ക്ക് ഗുണഭോക്താക്കളെ ക്ഷണിക്കുന്നു. കോതമംഗലം, ഇടുക്കി രൂപതകളിൽപ്പെട്ട കത്തോലിക്കാ കുട്ടികൾക്ക് മാത്രമാണ് അപേക്ഷിക്കാൻ അർഹതയുള്ളത്. താഴെ പേരുപറഞ്ഞിരിക്കുന്ന ഏതെങ്കിലും കോഴ്സിലേക്ക് 2022-2023 അദ്ധ്യയന വർഷം പ്രവേശനം പ്രതീക്ഷിക്കുന്നവരും ഇപ്പോൾ പഠനം നടത്തുന്നവരുമാണ് സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ടത്.

Technical and Professional Studies at Graduate and Post Graduate levels in various branches of Medicine, Engineering, Nursing, Para-Medical courses, Computer Application (Master's Degree only) and Business / Banking Administration (Master's Degree only).

**ഒരിക്കൽ സ്കോളർഷിപ്പ് ലഭിച്ചവരും ഡിസംബർ മാസത്തിനുമുമ്പ് കോഴ്സ് അവസാനിക്കുന്നവരും അപേക്ഷിക്കേണ്ടതില്ല.**

2022 മെയ് 7-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ 12 മണി വരെ കോതമംഗലം സെന്റ് ജോർജ് HSS-ൽ വച്ച് നടത്തുന്ന പ്രവേശനപരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. സൺഡേസ്കൂൾ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർ മാത്രമേ പ്രവേശന പരീക്ഷയിൽ പങ്കെടുക്കാവൂ. പ്രവേശനപരീക്ഷയിൽ വിജയിക്കുന്നതിന് 50% മാർക്ക് വാങ്ങേണ്ടതുണ്ട്. സ്കോളർഷിപ്പിന്റെ നിയമാവലിക്ക് കോതമംഗലം രൂപതാനിയമസംഗ്രഹം അനുബന്ധം 14 കാണുക.

**പ്രവേശന പരീക്ഷാ വിഷയങ്ങൾ**

Sunday School Texts - Standards IX, X, XI, XII, പൊതുവിജ്ഞാനം.

സ്കോളർഷിപ്പിനുവേണ്ടി അപേക്ഷിക്കാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുവിവരം ബഹു. വികാരിയച്ചന്മാർ താഴെ പറയുന്ന വിലാ

സത്തിൽ 2022 ഏപ്രിൽ 25-ാം തീയതിക്കുമുമ്പ് അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

The Secretary, Bishop Mar George Punnakottil Episcopal Silver Jubilee Memorial Education Society, Bishop's House, P.B. No. 6, Kothamangalam - 686 691 Tel : 8281946306 (Curia : Working days 9.30 am - 3.30 pm).

*Secretary*

C. *27/2022* **തിരട്ട്**

ഈ സാമ്പത്തികവർഷവും (2022-2023) തിരട്ടുഫീസും രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ട മറ്റു പിരിവുകളും കഴിഞ്ഞ വർഷത്തെ തുക തന്നെ ആയതിനാൽ പ്രത്യേകം അറിയിപ്പ് നല്കുന്നതല്ല.

**ഈ സാമ്പത്തികവർഷത്തെ കണക്കുകൾ ഓഡിറ്റിംഗിനായി ക്രമീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**

1. ഒരു സാമ്പത്തിക വർഷത്തെ വരുമാനത്തിന്റെ 85% അതാത് വർഷം ചെലവഴിച്ച് തീർത്തില്ലെങ്കിൽ, ആ തുക Scheduled ബാങ്കിൽ Fixed Deposit ആയി നിക്ഷേപിക്കേണ്ടതാണ്. അതിന്റെ FD Receipt copy പ്രത്യേകമായി Auditing -ന് ഏൽപ്പിക്കേണ്ടതുമാണ്.
2. 10,000 രൂപയിൽ കൂടുതൽ ഉള്ള എല്ലാ ചെലവുകളും (ബഹു. വികാരിമാരുടെ അലവൻസ്, കപ്യാരുടെ ശമ്പളം ഉൾപ്പടെ) Cross ചെയ്ത ചെക്ക് മുഖേനയോ Transfer ചെയ്തോ മാത്രമേ നൽകുവാൻ പാടുള്ളൂ.
3. Crossed Cheque: 10,000 രൂപയ്ക്ക് മുകളിലുള്ള എല്ലാ ചെക്കുകളും cross ചെയ്ത് മാത്രമേ നൽകുവാൻ പാടുള്ളൂ. അല്ലാത്തപക്ഷം അത് cash ചെലവായി മാത്രമേ കണക്കാക്കാൻ സാധിക്കൂ. അങ്ങനെ കൊടുക്കുന്ന തുകയ്ക്ക് ഇൻകം ടാക്സ് കൊടുക്കേണ്ടതായും വരും.
4. ഏതെങ്കിലും പള്ളികളിൽ Contract അടിസ്ഥാനത്തിൽ പണി നടക്കുകയാണെങ്കിൽ TDS പിടിച്ചതിന് ശേഷം മാത്രമേ Contractor-ക്ക് ചെക്ക് നൽകുവാൻ പാടുള്ളൂ.

TDS നിരക്കുകൾ :

Contractor : വ്യക്തികൾക്ക് 1 %, മറ്റുള്ളവർക്ക് 2%, PAN ഇല്ലാത്തവർക്ക് 20%

Professional Fee (Architect, Advocate, Engineer) : 10% (ഒരുവർഷം 30,000 രൂപയിൽ അധികമായാൽ)

Interest on Loan (Scheduled ബാങ്കുകൾ ഒഴികെ) : 10% (ഒരുവർഷം 5,000 രൂപയിൽ അധികമായാൽ)

TDS പിടിച്ച തുക സർക്കാരിലേക്ക് അടുത്ത മാസം 7-ാം തീയതിക്കുള്ളിൽ അടയ്ക്കേണ്ടതും TDS Return മൂന്നുമാസത്തിലൊരിക്കൽ file ചെയ്യേണ്ടതുമാണ്.

5. കോ-ഓപ്പറേറ്റീവ് ബാങ്കുകളിലുള്ള എല്ലാ അക്കൗണ്ടുകളും (Fixed Deposit ഉൾപ്പടെ) മാർച്ച് 15-ാം തീയതിക്ക് മുൻപ് നിർബന്ധമായും ക്ലോസ് ചെയ്യേണ്ടതാണ്. പ്രസ്തുത തുക scheduled bank-ലേക്ക് മാറ്റേണ്ടതുമാണ്.
6. ഒരു സ്ഥാപനത്തിൽ നിന്ന് ഡൊണേഷൻ വാങ്ങുകയും അതേ സ്ഥാപനത്തിലേക്ക് തിരികെ കൊടുക്കുകയും ചെയ്യുന്നത് അനുവദനീയമല്ല. (Inaggregate of ₹ 50,000 in an year)

*Procurator*

# മൈനർ സെമിനാരി

*MS 3 /2022* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1. | Mr Francis Kavumpuram, Karakunnam in memory of his son Bro. Jose | ₹ | 2,000.00 |
| 2. | Mr Francis Thomas Pichappillil, Kozhikode | ₹ | 3,000.00 |
| 3. | Mr Jibu Joy Chettiparambil, Nediasala | ₹ | 25,000.00 |
| 4. | Ms Tresa Mathew Thottathimyalil Neyyassery | ₹ | 8,000.00 |
| 5. | A Benefactor | ₹ | 5,000.00 |
| 6. | A Benefactor | ₹ | 10,000.00 |
| 7. | Fr Joseph Muttathuvalayil, Canada | ₹ | 100,000.00 |
| 8. | Fr Thomas Kalariparambil, Canada | ₹ | 100,000.00 |
| 9. | Fr Mathew Chandrankunnel, UK | ₹ | 100,000.00 |
| 10. | Mr Thomas Kottackal, Nellimattom | ₹ | 25,000.00 |
| 11. | CML Rajagiri (Vellallu) Parish | ₹ | 3,000.00 |
| 12. | St Sebastian's Church Purapuzha | ₹ | 30,000.00 |
| 13. | Mr Peter Paily Parayidathil, Mathirappilly | ₹ | 25,000.00 |
| 14. | Ms Sherly Jose Kozhuppathadam, Muthalakodam | ₹ | 25,000.00 |

ഇവർക്ക് നന്ദി പറയുന്നു. ഇവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

*Rector*

# വിജ്ഞാനഭവൻ

*V.16/2022* **രണ്ടാം സെമസ്റ്റർ, സ്കോളർഷിപ്പ് പരീക്ഷ, വിശ്വാസോത്സവം**

രണ്ടാം സെമസ്റ്റർ പരീക്ഷ, സ്കോളർഷിപ്പ് പരീക്ഷ, വിശ്വാസോത്സവം എന്നിവ മെയ് മാസം ആയിരിക്കും. തീയതി പിന്നീട് അറിയിക്കുന്നതാണ്.

*V. 17/2022* **Mission Quest 2022 സമ്മാനദാനം**

Mission Quest 2022 ആഗോളതലത്തിൽ നടന്ന ക്വിസ് മത്സരത്തിൽ വിജയികളായവർക്കുള്ള സമ്മാനങ്ങൾ ഫെബ്രുവരി 12-ാം തീയതി ശനിയാഴ്ച ബിഷപ്പ്സ് ഹൗസിൽ വച്ച് നടന്ന ചടങ്ങിൽ അഭിവന്ദ്യ മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ പിതാവ് വിതരണം ചെയ്തു.

*V. 18/2022* **ആദ്യകുർബാന പുസ്തകം**

ആദ്യകുർബാനയ്ക്ക് ഒരുക്കത്തിനായുള്ള പുസ്തകം (രൂപതയുടെ പുസ്തകം) വിജ്ഞാനഭവൻ ബുക്ക്സ്റ്റാളിൽ നിന്ന് ലഭിക്കുന്നതാണ്. ക്ലാസ്സ് തുടങ്ങുമ്പോൾ ഈ പുസ്തകം പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു. ചെറിയവേദോപദേശം, പോക്കറ്റ് ബൈബിൾ, കുർബാന പുസ്തകം, കൊന്ത, വെന്തിങ്ങ മുതലായവയും ലഭ്യമാണ്.

*V. 19/2022* **സീറോ മലബാർ കുർബാനയുടെ നവീകരിച്ച തക്സ, കുർബാന പുസ്തകം**

സീറോ മലബാർ കുർബാനയുടെ നവീകരിച്ച തക്സയും ജനങ്ങളുടെ ഉപയോഗത്തിനുള്ള കുർബാന പുസ്തകവും വിജ്ഞാനഭവൻ ബുക്ക്സ്റ്റാളിൽ ലഭ്യമാണ്. ഫോൺ: 9497031873

*Director*

# കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn. 5/2022* **ഓഫ്‌ലൈനായി ക്ലാസ്സുകൾ ആരംഭിക്കുന്നു**

ഓൺലൈൻ ക്ലാസ്സുകൾ അവസാനിപ്പിച്ച് കുട്ടികളെല്ലാവരും സ്കൂളിൽ എത്തിയിരിക്കുകയാണ്. ഓൺലൈൻ പഠനകാലത്തെ പരിമിതികളും പോരായ്മകളും പരിഹരിച്ച് ക്ലാസ്സുകൾ ക്രമീകരിക്കുന്ന കാര്യം അദ്ധ്യാപകർ ശ്രദ്ധിക്കുമല്ലോ.

*Edn. 6/2022* **S.S.L.C., Plus Two വാർഷികപരീക്ഷകൾ**

S.S.L.C., Plus Two ക്ലാസ്സുകളിലെ വാർഷികപരീക്ഷ ഈ മാസം നടക്കുന്നു. വളരെ പ്രധാനപ്പെട്ട ഈ പരീക്ഷയ്ക്ക് ഒരുങ്ങുന്ന എല്ലാ വിദ്യാർത്ഥിവിദ്യാർത്ഥിനികൾക്കും ആശംസകളും, പ്രാർത്ഥനകളും അറിയിക്കുന്നു. അവരെ പരിശീലിപ്പിച്ചൊരുക്കുന്ന അദ്ധ്യാപകരെ അഭിനന്ദിക്കുന്നു. പരീക്ഷയ്ക്ക് ഒരുങ്ങുന്ന കുട്ടികൾക്ക് ആവശ്യമായ എല്ലാ പിന്തുണയും നൽകുന്ന കാര്യം അധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.

*Edn. 7/2022* **അഭിനന്ദനങ്ങളും ആശംസകളും**

2019-20, 2020-21 വർഷങ്ങളിലെ മികച്ച അദ്ധ്യാപകരെയും അനദ്ധ്യാപകരെയും അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് പുരസ്കാരങ്ങൾ നൽകി ആദരിച്ചു. കഴിഞ്ഞ വർഷങ്ങളിൽ സർവീസിൽ നിന്ന് വിരമിച്ച അദ്ധ്യാപക അനദ്ധ്യാപകർക്ക് ഈ സമ്മേളനത്തിൽ വച്ച് യാത്രയയപ്പും നൽകി. മാനേജർ മോൺ. പയസ് മലേക്കണ്ടത്തിൽ, മോൺ. ഫ്രാൻസിസ് കീരംപാറ, മുൻ എഡ്യുക്കേഷൻ സെക്രട്ടറി ഫാ. സ്റ്റനിസ്ലാവൂസ് കുന്നേൽ, എഡ്യൂക്കേഷൻ സെക്രട്ടറി ഫാ. മാത്യു എം. മുണ്ടയ്ക്കൽ എന്നിവർ പങ്കെടുത്തു. സർവീസിൽ നിന്ന് വിരമിച്ചവർക്കും, പുരസ്കാരങ്ങൾ നേടിയവർക്കും അഭിനന്ദനങ്ങൾ.

*Secretary*

# നിർമ്മല സിവിൽ സർവീസ് അക്കാദമി

*NiCSA.1 /2022* **നിർമ്മല സിവിൽ സർവീസ് അക്കാദമിയിൽ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു**

നമ്മുടെ രൂപതയുടെ സിവിൽ സർവീസ് പരിശീലന കേന്ദ്രമായ മൂവാറ്റുപുഴ നിർമ്മല സിവിൽ സർവീസ് അക്കാദമിയിൽ 2022-23 വർഷത്തേക്കുള്ള Mains Cum Prelims (MCP - 1 Year Course) ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ബിരുദ ബിരുദാനന്തര കോഴ്സുകൾ പൂർത്തിയാക്കിയ മിടുക്കരായ നമ്മുടെ രൂപതയിലെ യുവജനങ്ങൾക്ക് സിവിൽ സർവീസ് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് ഈ അവസരം പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്. ഇക്കാര്യം ഇടവകയിൽ അറിയിക്കുകയും മിടുക്കരായ കുട്ടികളെ പറഞ്ഞയയ്ക്കാനും ബഹു. അച്ചന്മാർ സഹകരിക്കുമല്ലോ.

മൂവാറ്റുപുഴ നിർമ്മല കോളേജ് MCA ബ്ലോക്കിൽ പ്രവർത്തിക്കുന്ന നമ്മുടെ അക്കാദമിയിൽ സിവിൽ സർവീസ് പരിശീലന രംഗത്ത് ഇന്ത്യയിൽ ഏറെ പ്രശസ്തമായ ALS IAS Academy ആണ് ക്ലാസ്സുകൾ നടത്തുന്നത്. ആകർഷകമായ സ്കോളർഷിപ്പുകൾ, Hostel സൗകര്യം, വിശാലമായ ലൈബ്രറി, AC റീഡിങ് റൂം, വ്യക്തിഗത പരിശീലനം, മെന്ററിങ്, ലോൺ എന്നീ സൗകര്യങ്ങൾ നമ്മുടെ പ്രത്യേകതകളാണ്.

Contact: 9496065457, 7907119072 (ഓഫീസ് )
8411914675 (ഫാ. സഖറിയാസ് കല്ലിടുക്കിൽ, ഡയറക്ടർ)

*Administrator*

# സോഷ്യൽ സർവീസ്

*SS. 9/2022* **ക്രെഡിറ്റ് യൂണിയൻ**

കൊറോണയുടെ തീവ്രവ്യാപനം കുറഞ്ഞ സാഹചര്യത്തിൽ പള്ളികൾ തുറന്ന് ദിവ്യബലി നടത്തുന്നതിന് അനുവദിച്ചിട്ടുള്ളതിനാൽ ഇടവകകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ക്രെഡിറ്റ് യൂണിയനുകളുടെയും സ്വയംസഹായസംഘങ്ങളുടെയും പ്രവർത്തനങ്ങൾ സജീവമാക്കേണ്ടതാണ്. ഘട്ടം തീർന്ന സംഘങ്ങൾ പുതിയ ഘട്ടം ആരംഭി

ക്കണം. ഏതെങ്കിലും ക്രെഡിറ്റ് യൂണിയന്റെ കീഴിലോ, ഇടവകയിലോ സ്വയംസഹായ സംഘങ്ങൾ പുതുതായി ആരംഭിക്കാൻ ആഗ്രഹിക്കുന്നവർ KSSS ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

*SS. 10/2022* **കോവിഡ് പ്രതിരോധ കിറ്റുകൾ വിതരണം ചെയ്തു**

കോതമംഗലം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ അതിഥി തൊഴിലാളികൾക്ക് ഫെബ്രുവരി 1-ാം തീയതി കോവിഡ് പ്രതിരോധ കിറ്റുകൾ വിതരണം ചെയ്തു. ബിഷപ്സ് ഹൗസിൽ KSSS പ്രസിഡന്റ് മോൺ. പയസ് മലേക്കണ്ടത്തിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ വച്ച് ആന്റണി ജോൺ MLA ഉദ്ഘാടനം ചെയ്തു. മുനിസിപ്പൽ വൈസ് ചെയർപേഴ്സൺ സിന്ധു ഗണേശൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കെ.വി. തോമസ്, കൗൺസിലർ നിഷ ഡേവിസ് എന്നിവർ പങ്കെടുത്തു. 250 അതിഥി തൊഴിലാളികൾക്കാണ് കിറ്റുകൾ നൽകിയത്.

*SS. 11/2022* **കാൻസർ ദിനാചരണം**

KSSS -ന്റെ നേതൃത്വത്തിൽ ലോക കാൻസർ ദിനാചരണത്തിന്റെ ഭാഗമായി ഫെബ്രുവരി 3, 4 തീയതികളിൽ കാൻസർ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. കോതമംഗലം സെന്റ് ജോർജ് ഹയർ സെക്കന്ററി സ്കൂളിലും സെന്റ് അഗസ്റ്റിൻസ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലുമാണ് പ്രോഗ്രാം സംഘടിപ്പിച്ചത്. കോവിഡ് പ്രോട്ടോകോൾ നിലനിൽക്കുന്നതിനാൽ സ്കൂളിലെ അദ്ധ്യാപകർക്കാണ് ക്ലാസ്സുകൾ നൽകിയത്. അദ്ധ്യാപകരും അനദ്ധ്യാപകരും ഉൾപ്പെടെ 100-ഓളം പേർ ക്ലാസ്സിൽ പങ്കെടുത്തു.

*SS. 12/2022* **സ്കൂളുകളിൽ കോവിഡ് പ്രതിരോധ കിറ്റുകൾ വിതരണം ചെയ്തു**

കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ രൂപതയിലെ മൂന്ന് ഹൈസ്കൂളുകൾക്ക് കോവിഡ് പ്രതിരോധ കിറ്റുകൾ നൽകി. ഊന്നുകൽ ലിറ്റിൽ ഫ്ളവർ, കോതമംഗലം സെന്റ് ജോർജ്, സെന്റ് അഗസ്റ്റിൻസ് എന്നീ സ്കൂളുകൾക്കാണ് കിറ്റ് ലഭ്യമാക്കിയത്. KSSS ഡയറക്ടർ ഫാ. സിറിയക് ഞാളൂർ കിറ്റുകൾ സ്കൂൾ അധികാരികൾക്ക് കൈമാറി.

*SS. 13/2022* **ആശാകിരണം ടിൻ കളക്ഷൻ**

ആശാകിരണം ടിൻ കളക്ഷൻ വഴി ലഭിച്ച തുക

കദളിക്കാട് : 8500 രൂപ

*Director*

# തിരുബാലസഖ്യം

*HC. 1/2022* **ജീസസ് കിഡ്സ്**

തിരുബാലസഖ്യദിനത്തോടനുബന്ധിച്ച് ഫെബ്രുവരി 11, 12, 13 തീയതികളിൽ കോതമംഗലം രൂപതയിൽ ബൈബിൾ നേഴ്സറി മുതൽ നാലാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി ജീസസ് കിഡ്സ് എന്ന പ്രോഗ്രാം നടത്തി. ഏകദേശം 5000 കുട്ടികൾ ഈ പ്രോഗ്രാമിൽ പങ്കെടുത്തു.

*Director*

# ചെറുപുഷ്പ മിഷൻലീഗ്

*CML 10/2022* **ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്**

ചെറുപുഷ്പ മിഷൻലീഗ് കോതമംഗലം രൂപത ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ് ഫെബ്രുവരി 8-ന് വൈകുന്നേരം 6.00 മണിക്ക് ഗൂഗിൾ മീറ്റ് മുഖേന ഓൺലൈനായി നടത്തി.

*CML 11/2022* **സുകൃതവാരം : ഫെബ്രുവരി 13 – 19**

ചെറുപുഷ്പ മിഷൻലീഗിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് സംസ്ഥാന സമിതി മുന്നോട്ടു വച്ച പ്രാർത്ഥനായജ്ഞത്തിൽ കോതമംഗലം രൂപതയും പങ്കുചേർന്നു.

*CML 12/2022* **ഇന്നലെകളിലെ മിഷൻലീഗ്**

ചെറുപുഷ്പ മിഷൻലീഗ് സംഘടന 75 വർഷം പൂർത്തിയാക്കുകയാണ്. കഴിഞ്ഞ നാളുകളിൽ സംഘടന ആഗോളസഭയ്ക്ക് നൽകിയ സംഭാവനകൾ അതുല്യമാണ്. നമ്മുടെ ഓരോ ഇടവകകളിലും സംഘടനയ്ക്ക് വലിയ ഒരു ചരിത്രം പറയാനുണ്ട്. ഈ ചരിത്രം മനസ്സിലാക്കുകയും അത് എഴുതുകയും ചെയ്യുന്നതിനുള്ള ഒരു പ്രോഗ്രാമിന് ചെറുപുഷ്പ മിഷൻലീഗ് കോതമംഗലം രൂപത തുടക്കം കുറിക്കുന്നു. എല്ലാ ശാഖകളുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

*CML 13/2022* **സുകൃതം വീഡിയോ ചലഞ്ച്**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന സമിതി നടത്തിയ

സുകൃതം വീഡിയോ ചലഞ്ച് എന്ന പ്രോഗ്രാമിൽ രൂപതാഭാരവാഹികൾ പങ്കുചേർന്നു.

*CML 14/2022* **വെബിനാർ**

കേരള കത്തോലിക്കാസഭ കേരള സമൂഹത്തിനു നൽകിയ അതുല്യമായ സംഭാവനകളെപ്പറ്റി വെബിനാർ സംഘടിപ്പിച്ചു. ഫെബ്രുവരി 26, 27 തീയതികളിൽ zoom മുഖേന നടന്ന വെബിനാറിൽ തലശ്ശേരി അതിരൂപത നിയുക്ത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി, പ്രശസ്ത എഴുത്തുകാരനായ ഡോ. കുര്യാസ് കുമ്പളക്കുഴി, സി. ക്രിസ്റ്റി സി.എച്ച്.എഫ്, കോതമംഗലം രൂപത വികാരി ജനറാൾ റവ. ഡോ. പയസ് മലേക്കണ്ടത്തിൽ എന്നിവർ സംസാരിച്ചു.

*CML 15/2022* **ആഗോള മിഷൻ സംഗമം**

ചെറുപുഷ്പ മിഷൻലീഗ് കോതമംഗലം രൂപതയുടെ നേതൃത്വത്തിൽ മിഷനിൽ സേവനം അനുഷ്ഠിക്കുന്ന എല്ലാ വൈദികരുടെയും സമർപ്പിതരുടെയും സംഗമം ഫെബ്രുവരി 8-ന് രാത്രി 8.30-ന് ഓൺലൈനിൽ നടത്തി. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് അധ്യക്ഷത വഹിച്ചു. അദിലാബാദ് രൂപത ബിഷപ്പ് മാർ പ്രിൻസ് പാണേങ്ങാടൻ, ഇൻഡോർ രൂപത ബിഷപ്പ് മാർ ചാക്കോ തോട്ടുമാരിക്കൽ, ഇറ്റാനഗർ രൂപത ബിഷപ്പ് മാർ ജോൺ തോമസ് കാട്ടുകുടിയിൽ എന്നിവർ പങ്കെടുത്തു. 300-ൽ അധികം മിഷനറിമാർ യോഗത്തിൽ പങ്കെടുത്തു.

*Director*

---

# കെ.സി.എസ്.എൽ.

*KCSL. 9/2022* **കരിയർ ഗൈഡൻസ് വെബിനാർ**

കെ.സി.എസ്.എൽ അംഗങ്ങളായ 10, 12 ക്ലാസ്സിലെ കുട്ടികൾക്കായി ഫെബ്രുവരി 13-ന് വൈകുന്നേരം 7.00 മുതൽ 8.00 മണിവരെ ലൈവ് കരിയർ ഗൈഡൻസ് വെബിനാർ നടത്തി. വെബിനാർ നയിച്ചത് Trainer & Counsellor Career Mentor ആയ ഡോ. ഐസക് തോമസ് ആണ്. വെബിനാറിൽ സംബന്ധിച്ച എല്ലാവർക്കും നന്ദി.

*KCSL. 10/2022* **വാർഷികാഘോഷവും ആനിമേറ്റേഴ്സ് സംഗമവും**

മാർച്ച് 12-ാം തീയതി നെസ്റ്റിൽ വച്ച് ഈ വർഷത്തെ KCSL വാർഷികാഘോഷവും രണ്ടാമത് ആനിമേറ്റേഴ്സ് സംഗമവും നടത്തപ്പെടുന്നു. എല്ലാ ആനിമേറ്റേഴ്സും ഈ സമ്മേളനത്തിൽ പങ്കെടുക്കണമെന്ന് താല്പര്യപ്പെടുന്നു.

*KCSL. 11/2022* **അഭിനന്ദനങ്ങൾ**

കരോൾഗാനമത്സരത്തിൽ സംസ്ഥാനതലത്തിൽ മൂന്നാംസ്ഥാനം കരസ്ഥമാക്കിയിരിക്കുന്ന പൈങ്ങോട്ടൂർ സെന്റ് ജോസഫ് സ്കൂളിന് അഭിനന്ദനങ്ങൾ.

*Director*

## ഫാമിലി അപ്പോസ്തലേറ്റ്

*FA 5/2022* **പ്രീ മാര്യേജ് കോഴ്സ്**

മാർച്ച് മാസത്തിലെ പ്രീ മാര്യേജ് കോഴ്സ് ഓഫ്ലൈൻ ആയി നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നു.

മാർച്ച് - 09, 10, 11 NESTT
മാർച്ച് - 25, 26, 27 NESTT

*FA 6/2022* **രൂപത കൗൺസിൽ**

ഫെബ്രുവരി 26-ന് രാവിലെ 10.00 മണിക്ക് നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന ഫാമിലി അപ്പോസ്റ്റലേറ്റ് രൂപത കൗൺസിലിൽ കർമ്മപരിപാടികൾ ആസൂത്രണം ചെയ്തു.

*Director*

## പിതൃവേദി

*PV 3/2022* **ഒറീസാ മിഷനിലേക്ക് സഹായം**

തൊടുപുഴ വിജ്ഞാന മാതാ ഇടവകയിൽ നിന്നും ശേഖരിച്ച ഉപയോഗയോഗ്യമായ നല്ല വസ്ത്രങ്ങൾ രൂപതാ പിതൃവേദിയുടെ

നേതൃത്വത്തിൽ ഒറീസ്സാ മിഷനിലേക്ക് അയയ്ക്കുകയും കാണ്ടമാലി ലുള്ള പള്ളികളിൽ വച്ച് ജനുവരി 23-ന് വിതരണം ചെയ്യുകയും ചെയ്തു.

ഫിയാത്തു മിഷനു വേണ്ടി മൂന്നു ടൺ ഉപയോഗം കഴിഞ്ഞ പേപ്പറുകളും ബുക്കുകളും വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ നിന്നും, മറ്റൊരു മൂന്നു ടൺ, മുതലക്കോടം ഹോളിഫാമിലി നേഴ്സിംഗ് കോളേജ്, വിജ്ഞാന മാതാ ചർച്ച്, പള്ളിക്കാമുറി FC കോൺവെന്റ് എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ചു നൽകുകയുണ്ടായി.

*Director*

---

## മാതൃവേദി

*MV 4/2022* **Website Opening**

മാതൃവേദി അംഗത്വസ്വീകരണത്തിനായി മാർച്ച് 1 മുതൽ 31-ാം തീയതി വരെ മാതൃവേദി Website Open ചെയ്യുന്നതായിരിക്കും.

*MV 5/2022* **വനിതാ ദിനാഘോഷം**

രൂപതാ മാതൃവേദിയുടെ നേതൃത്വത്തിൽ മാർച്ച് 8-ാം തീയതി വനിതാദിനാഘോഷം വൈകിട്ട് 5.30 മുതൽ 7.00 മണി വരെ ഓൺലൈ നിലൂടെ നടത്തുന്നു.

*MV 6/2022* **സെനറ്റ് മീറ്റിംഗ്**

ഫെബ്രുവരി 22-ാം തീയതി നടത്താനിരുന്ന മാതൃവേദി സെനറ്റ് മീറ്റിംഗ് മാർച്ച് 26-ാം തീയതി ശനിയാഴ്ച 10.30-ന് നെസ്റ്റിൽ വച്ച് നട ത്തുന്നതായിരിക്കും.

*MV 7/2022* **തിരഞ്ഞെടുപ്പ്**

മാതൃവേദി ഫൊറോന തിരഞ്ഞെടുപ്പ് മാർച്ച് മാസം പൂർത്തി യാക്കി ഏപ്രിൽ 26-ാം തീയതി രൂപതാ തിരഞ്ഞെടുപ്പ് നെസ്റ്റിൽ വച്ച് നടത്തുന്നതായിരിക്കും.

*Director*

# ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

*DFC 6/2022* **രൂപതാസമിതി യോഗം**

08-02-2022-ന് മൂവാറ്റുപുഴ നിർമ്മല ഹയർസെക്കന്ററി സ്കൂളിൽ വച്ച് DFC രൂപതാസമിതി യോഗം ചേർന്നു. Teachers Copy Renewal ഫെബ്രുവരി 20-നകം പൂർത്തീകരിക്കാനും ഇടവകസമിതികളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനും തീരുമാനിച്ചു. National Hard-wares മുതലക്കോടം രൂപതാസമിതി അംഗങ്ങൾക്കായി സ്പോൺസർ ചെയ്ത DFC ഡയറി 2022 വിതരണം ചെയ്തു.

*DFC 7/2022* **Directors Conference**

DFC സംസ്ഥാന സമിതി രൂപതാഡയറക്ടർമാരുടെ കോൺഫ്രൻസ് 08-02-2022-ന് ഓൺലൈനായി നടത്തി. വിവിധ രൂപതകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തി. തുടർപ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകി.

*DFC 8/2022* **ഫൊറോന കമ്മിറ്റി**

രൂപതാസമിതിയിൽ തീരുമാനിച്ചതുപോലെ, എല്ലാ ഫൊറോനകളിലും മാർച്ച് 30 -നകം ഫൊറോന കമ്മിറ്റി കൂടേണ്ടതാണ്. തീയതി തീരുമാനിച്ച് രൂപതാസെക്രട്ടറിയെ അറിയിക്കുമല്ലോ.

*Co-ordinator*

# യുവദീപ്തി - KCYM

*YD 7/2022* **രൂപതാതല വനിതാസംഗമം WAVE**

വനിതാദിനത്തോടനുബന്ധിച്ച് മാർച്ച് 13 ഞായറാഴ്ച മുതലക്കോടം സെന്റ് ജോർജ് ഫൊറോന പള്ളിയിൽ വച്ച് ഉച്ചകഴിഞ്ഞ് 1.00 മണി മുതൽ 4.00 മണി വരെ രൂപതാതല വനിതാസംഗമം WAVE (We Are Vibrant and Empowered) നടത്തപ്പെടുന്നു. രൂപതയിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള വനിതകളുടെ പ്രാതിനിധ്യം ഉറപ്പാക്കുവാൻ

ബഹു. ഡയറക്ടറച്ചന്മാരും ആനിമേറ്റേഴ്സും സിസ്റ്റേഴ്സും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

### *YD 8/2022* ഫൊറോന വിസിറ്റ്

രൂപതാസമിതിയുടെ നേതൃത്വത്തിൽ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഫൊറോനകളിൽ രൂപതാഭാരവാഹികൾ നേരിട്ട് വിസിറ്റ് നടത്തുന്നു. ഓരോ ഫൊറോനയ്ക്കും ഉള്ള തീയതിയും സമയവും മുൻകൂട്ടി അറിയിക്കുന്നതാണ്. ഫൊറോന ഡയറക്ടർ, ആനിമേറ്റർ, മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർക്കു പുറമേ യൂണിറ്റ് പ്രസിഡന്റുമാരും നിർബന്ധമായും മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

### *YD 9/2022* കർമ്മപദ്ധതി പ്രകാശനം

കെ.സി.വൈ.എം. കോതമംഗലം രൂപതയുടെ 2021-22 പ്രവർത്തനവർഷത്തെ കർമ്മപദ്ധതി 2022 ഫെബ്രുവരി 12 ശനിയാഴ്ച രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിൽ പ്രകാശനം ചെയ്തു.

*Director*

---

## ജീസസ് യൂത്ത്

### *JY 12/2022* Zonal Assembly

കമ്മിറ്റ്മെന്റ് എടുത്ത എല്ലാ ജീസസ് യൂത്ത് ഒരുമിച്ചുകൂടുന്ന സോണൽ അസംബ്ലി മാർച്ച് മാസം 6-ന് നടത്താൻ തീരുമാനിച്ചു. അന്നേദിവസം വൈകിട്ട് 5.00 pm മുതൽ ആയിരിക്കും ഓൺലൈനായി സോണൽ അസംബ്ലി നടക്കുന്നത്.

### *JY 13/2022* Teens of Christ

Teens Ministry യുടെ ഭാഗമായി നടക്കുന്ന Teens of Christ (TOC) ഈ മാസം Exam Special. പരീക്ഷയ്ക്ക് വേണ്ടി ഒരുങ്ങുന്ന എല്ലാ വിദ്യാർഥികൾക്കും വേണ്ടി പ്രാർഥിക്കാൻ ഈ അവസരം ഉപയോഗിക്കാം.

### *JY 14/2022* Booster

Teens ministry യുടെ നേതൃത്വത്തിൽ ഫെബ്രുവരി 6-ന് വൈകിട്ട് 6.00 മണി മുതൽ ടീൻസ് കുട്ടികൾ എല്ലാവരും ഒന്നിച്ചു കൂടുന്ന Booster എന്ന പ്രോഗ്രാം ഓൺലൈൻ പ്ലാറ്റ്ഫോമിൽ നടത്തപ്പെട്ടു. 50-ൽ അധികം കുട്ടികൾ ഈ പരിപാടിയിൽ പങ്കെടുക്കാൻ ഇടയായി.

### *JY 15/2022* ഈശോ@ഹൃദയം

Campus Ministry യുടെ നേതൃത്വത്തിൽ നടന്ന വാലന്റൈൻസ് ഡേ സ്പെഷ്യൽ പ്രോഗ്രാമായ ഈശോ@ഹൃദയം, ഓൺലൈൻ പ്ലാറ്റ്ഫോമിൽ ഫെബ്രുവരി 13 –ന് നടത്തപ്പെട്ടു. തൊണ്ണൂറിൽ പരം യുവജനങ്ങൾ സംബന്ധിച്ച ഈ പ്രോഗ്രാമിന്റെ പ്രതിപാദ്യവിഷയം ഈശോയെ എങ്ങനെ നമ്മുടെ ഹൃദയംകൊണ്ട് സ്നേഹിക്കാം എന്നതായിരുന്നു.

### *JY 16/2022* Prayer Meeting

നിർമ്മല കോളേജ് പ്രയർ മീറ്റിംഗ് ഇത്തവണ കുറച്ചു വ്യത്യസ്തമായിരുന്നു. ഈയൊരു കാലഘട്ടത്തിൽ നമ്മൾക്ക് പലർക്കും സാക്ഷ്യമായി മാറിയ അഞ്ജനയുടെ ജീവിത മാതൃകയായിരുന്നു പ്രയർ മീറ്റിംഗ് തീം. തന്റെ ജീവിതത്തിന്റെ കയ്പേറിയ അനുഭവങ്ങളിൽ പോലും ഈശോയെ സ്നേഹിച്ചുകൊണ്ടുള്ള ജീവിതമായിരുന്നു അഞ്ജന നയിച്ചിരുന്നത്.

*Animator*

## പ്രാർത്ഥനാഗ്രൂപ്പ്

### *PG 12/2022* ഇടവക പ്രാർഥന കൂട്ടായ്മ സന്ദർശനം

17–02–22 –നു ചേർന്ന സോൺ, സബ്സോൺ സംയുക്ത സേവന സമിതിയിൽ തീരുമാനിച്ചതനുസരിച്ച് സബ്സോൺ സേവന സമിതിയംഗങ്ങൾ എല്ലാ ഇടവക പ്രാർഥനാ കൂട്ടായ്മകളും ശക്തിപ്പെടുത്തുന്നതിലേയ്ക്കായി മാർച്ച് മാസത്തിൽ കൂട്ടായ്മകൾ സന്ദർശിക്കുന്നു.

### *PG 13/2022* പ്രാർഥനാ കൂട്ടായ്മകളുടെ നേതൃ പുനഃസംഘടന

ഇടവക പ്രാർഥനാ കൂട്ടായ്മകൾക്ക് പുതിയ നേതൃത്വത്തെ കണ്ടെത്തുന്നതിനായി ഏപ്രിൽ മാസത്തിൽ പുനഃസംഘടന നടത്തുന്നു.

### *PG 14/2022* കാരക്കുന്നം ശുശ്രൂഷകൾ

കോവിഡ് നിയന്ത്രണങ്ങൾ മൂലം മുടങ്ങിയിരുന്ന ശുശ്രൂഷകൾ 11–02–22–ന് പുനഃരാരംഭിച്ചു. 18–02–22, 25–02–22 എന്നീ വെള്ളിയാഴ്ചകളിൽ അർധദിന ശുശ്രൂഷകളും 04–03–22–ന് വൈകിട്ട് 5.00 മണി മുതൽ 9.00 മണി വരെ രാത്രി ആരാധനയും നടത്തപ്പെടുന്നു.

### *PG 15/2022* മദ്ധ്യസ്ഥ പ്രാർഥന

കാരക്കുന്നം ശുശ്രൂഷകൾക്കായും സോൺ, സബ്സോൺ, പ്രാർഥനാ കൂട്ടായ്മ പുനഃസംഘടനയ്ക്കൊരുക്കമായും എല്ലാ ബുധനാഴ്ചകളിലും രാത്രി 9 മുതൽ 10 വരെ നടത്തപ്പെടുന്ന മദ്ധ്യസ്ഥ പ്രാർഥന മാർച്ച് മാസത്തിലും തുടരും. കൂടാതെ, മാർച്ച് മാസത്തെ സോൺ മദ്ധ്യസ്ഥപ്രാർഥന 15-03-22-ന് നടക്കുന്നതാണ്.

### *PG 16/2022* സോൺ സർവീസ് ടീം

മാർച്ച് മാസത്തെ സോൺ സർവീസ് ടീം 01-03-22-ന് സോൺ ആനിമേറ്റർ ഫാ. ജോർജ്ജ് കുരിശുംമൂട്ടിലിന്റെ നേതൃത്വത്തിൽ ഒരുമിച്ചു കൂടുന്നു.

*Director*

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

### *SV 3/2022* എല്ലാവർക്കും വീട് എന്ന സ്വപ്നപദ്ധതി

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി, നെടിയകാട് സെന്റ് ലിറ്റിൽ ഫ്ളവർ കോൺഫറൻസിന്റെ നേതൃത്വത്തിൽ ഇടവകയിൽ എല്ലാവർക്കും വീട് എന്ന സ്വപ്നപദ്ധതി യാഥാർഥ്യമാക്കിക്കൊണ്ടിരിക്കുന്നു. കോൺഫറൻസ് നിർമിച്ചുനൽകുന്ന പതിനേഴാമത്തെ വീടിന്റെ വെഞ്ചരിപ്പ് ജനുവരി പത്താം തീയതി ആത്മീയോപദേഷ്ടാവ് റവ. ഫാ. മാത്യു അത്തിക്കൽ നിർവഹിച്ചു. അന്നുതന്നെ 19-ാമത്തെ വീടിന് തറക്കല്ലിട്ട് പണികൾ ആരംഭിച്ചു. 18-ാമത്തെ വീടിന്റെ പണികൾ നടന്നുകൊണ്ടിരിക്കുന്നു. കൂടാതെ, വീടുവയ്ക്കാൻ സ്വന്തമായി സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് രണ്ട് പ്രദേശങ്ങളിലായി അഞ്ച് വീടുകൾ വീതം 10 വീടിനുള്ള സ്ഥലവും ലഭ്യമാക്കി കഴിഞ്ഞു. സൊസൈറ്റിയുടെ ഈ കാരുണ്യപ്രവർത്തനങ്ങൾക്ക് കോൺ. പ്രസിഡന്റ് ബ്ര. ഫ്രാൻസീസ് തോമസ് കൊച്ചുപറമ്പിൽ, ഏസി പ്രസിഡന്റ് ബ്ര. ജോസ് മുഴുത്തേറ്റ് എന്നിവർ നേതൃത്വം നൽകിവരുന്നു.

*Director*

# കേരള ലേബർ മൂവ്മെന്റ്

*KLM 5/2022* **വി. യൗസേപ്പ് പിതാവിന്റെ മരണത്തിരുനാൾ ആചരണം**

കേരളാ ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ ദിനാചരണം മാർച്ച് 19-ന് ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

*KLM 6/2022* **കർഷക തൊഴിലാളി ഫോറം**

ലേബർ മൂവ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന കർഷകതൊഴിലാളി ഫോറം (KAWF) രൂപതാ പ്രതിനിധി സമ്മേളനം മാർച്ച് 26 ശനിയാഴ്ച രാവിലെ 10.00 മുതൽ 2.00 മണി വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ ചേരും. കർഷക SHG-കളുടെ രൂപീകരണം, കാർഷിക വിളകളുടെ വിപണനം, സംസ്കരണം എന്നിവയെപ്പറ്റി യോഗത്തിൽ ചർച്ച ചെയ്യും. ഫോറത്തിന്റെ രൂപത, സോണൽ, യൂണിറ്റ് ഭാരവാഹികളാണ് യോഗത്തിൽ പങ്കെടുക്കേണ്ടത്.

*Director*

# ഇൻഫാം

*INF 3/2022* **വന്യജീവി ആക്രമണത്തിൽപ്പെടുന്നവരെ സഹായിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധരാകണം: ഇൻഫാം ഡയറക്ടർ**

ചാലക്കുടിയിൽ കാട്ടാനയുടെ ആക്രമണത്തിൽ മരണമടഞ്ഞ അഞ്ചു വയസുകാരിയുടെ വീട് ഇൻഫാം സംസ്ഥാന ഡയറക്ടർ ഫാ. ജോസ് മോനിപ്പിള്ളിയും ഇൻഫാം ഭാരവാഹികളായ ജോയി തെങ്ങുംകുടിയിൽ, സണ്ണി അരഞ്ഞാണിയിൽ, ജോയി ചെറുകാട്ട്, ജിന്നറ്റ് നാറാണത്ത്, ബിജു ചെറുകാട്ട് തുടങ്ങിയവരും സന്ദർശിച്ചു. വന്യജീവികളുടെ ക്രമാതീതമായ വംശവർധന നിയന്ത്രിതമാക്കി കർഷകരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഡയറക്ടർ ആവശ്യപ്പെട്ടു.

വനത്തിൽ ജീവികളുടെ എണ്ണത്തിന് ആനുപാതികമായി ഭക്ഷണവും വെള്ളവും ലഭിക്കുന്നില്ല. നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിലും ഇതര പുരയിടങ്ങളിലും കാട്ടാനകൾ ലക്ഷക്കണക്കിനു രൂപയുടെ കനത്ത നാശനഷ്ടം വരുത്തിയിരിക്കുന്നു. കർഷകരുടെ വർഷങ്ങളുടെ അധ്വാനവും പ്രതീക്ഷയുമാണ് വന്യജീവികൾ ക്ഷണനേരംകൊണ്ട് നശിപ്പിക്കുന്നത്. വൈദ്യുതവേലി, ചുറ്റുമതിൽ, കിടങ്ങ് തുടങ്ങിയവ ഉപയോഗിച്ച് ജനവാസ മേഖലയിൽ വന്യജീവികൾ എത്തുന്നത് തടയുന്നതിന് നടപടി സ്വീകരിക്കണമെന്നും ഡയറക്ടർ അഭിപ്രായപ്പെട്ടു.

*Director*

# നെസ്റ്റ് പ്രോഗ്രാം

**Ph. 0485 - 2830033**

| | | |
|---|---|---|
| March 9 - 11 | - | Pre-Marriage Course |
| 15 - 16 | - | Priests' Study Forum |
| 20 - 25 | - | Retreat for CMI Fathers |
| 25 - 27 | - | Pre-Marriage Course |

*Director*

# തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Fr. | Adapoor Joseph | **March** | 19 |
| " | Arackal Joseph | " | 19 |
| " | Arackal Jose | " | 19 |
| " | Athickal Joseph | " | 19 |
| " | Chirapparambil Jose | " | 19 |
| " | Ezhumayil Joseph | " | 19 |
| " | Kadukamakal Joseph | " | 19 |
| " | Kanjirakombil Jose | " | 19 |
| " | Kalapurackal Jose | " | 19 |
| " | Kapiyarumalayil Joseph | " | 19 |
| " | Kallarackal Joseph | " | 19 |

| | | | |
|---|---|---|---|
| Rev. Fr. | Kandathil Joseph | ” | 19 |
| " | Kandathinkara Joseph | ” | 19 |
| " | Keethappilly Joseph | ” | 19 |
| " | Kizhakel Jose | ” | 19 |
| " | Kochuparambil Joseph (Sr.) | ” | 19 |
| " | Kochuparambil Joseph (Jr.) | ” | 19 |
| " | Kochuputhenpurayil Joseph | ” | 19 |
| " | Koickakudy Joseph | ” | 19 |
| " | Koithanath Joseph | ” | 19 |
| " | Koonanickal Jose | ” | 19 |
| " | Koonanickal Joseph | ” | 19 |
| " | Koottumkal Joseph | ” | 19 |
| " | Kottoor Joseph | ” | 19 |
| " | Kulathoor Jose | ” | 19 |
| " | Kunnumpurath Joseph (Sr) | ” | 19 |
| " | Kunnumpurath Joseph (Jr) | ” | 19 |
| " | Kuzhikanniyil Joseph | ” | 19 |
| " | Makolil Joseph | ” | 19 |
| " | Madathil Joseph (Sr) | ” | 19 |
| " | Madathil Joseph (Jr) | ” | 19 |
| " | Mailadiathu Jose | ” | 19 |
| " | Monippilly Jose | ” | 19 |
| " | Moorkattil Jose | ” | 19 |
| " | Mulanjanany Joseph | ” | 19 |
| " | Mundackal Joseph (Sr.) | ” | 19 |
| " | Mundackal Joseph (Jr.) | ” | 19 |
| " | Mundunadayil Joseph | ” | 19 |
| " | Muttathuvalayil Joseph | ” | 19 |
| " | Nedumpuram Joseph | ” | 19 |
| " | Neerampuzha Jose | ” | 19 |
| " | Nellikunnel Joseph | ” | 19 |

| | | | |
|---|---|---|---|
| Rev. Fr. | Niravath Joseph | ” | 19 |
| " | Parayannilam Joseph | ” | 19 |
| " | Pinakkattu Joseph | ” | 19 |
| " | Ponneth Joseph | ” | 19 |
| " | Pothoor Jose | ” | 19 |
| " | Pulickal Joseph (Sr.) | ” | 19 |
| " | Pulickal Joseph (Jr.) | ” | 19 |
| " | Pulloppillil Jose | ” | 19 |
| " | Pulparambil Jose | ” | 19 |
| " | Thanickal Joseph | ” | 19 |
| " | Vadakkedath Joseph | ” | 19 |
| " | Vallomkunnel Joseph | ” | 19 |
| " | Vattakuzhy Joseph | ” | 19 |
| " | Velliyamthadathil Joseph | ” | 19 |
| " | Vengooran Jose | ” | 19 |
| " | Vettikuzhichalil Joseph | ” | 19 |
| " | Koonath Joseph CMF | ” | 19 |

# രൂപതാദ്ധ്യക്ഷന്റെ ഡയറി



**ജനുവരി 2022**

21 ● ചീനിക്കുഴി ഇടവകാംഗമായ മഠത്തിക്കണ്ടത്തിൽ കുഞ്ഞേട്ടന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

22 ● കുണിഞ്ഞി സെന്റ് ആന്റണീസ് പള്ളിയുടെ നവീകരിച്ച മദ്ബഹായുടെ പുനഃകൂദാശകർമ്മം നിർവഹിച്ചു.

29 ● നവീകരിച്ച പൂയംകുട്ടി SH മഠം വെഞ്ചരിക്കുകയും ചാപ്പലിന്റെ കൂദാശകർമ്മം നിർവഹിക്കുകയും ചെയ്തു.

**ഫെബ്രുവരി 2022**

2 ● കോതമംഗലം രൂപതാ മീഡിയ സെല്ലിന്റെ ആഭിമുഖ്യത്തിൽ നടന്ന ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

4 • കേരളസഭ നവീകരണത്തോടനുബന്ധിച്ച് പി.ഒ.സി.യിൽ നടന്ന ആലോചനായോഗത്തിൽ പങ്കെടുത്തു.

7 • വാഴപ്പിള്ളി ലൂർദ്ദ് മാതാ ഹൗസിൽ FCC സന്യാസിനീ സഭാംഗ മായ സി. സിൽവിയയുടെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

8 • കരിമണ്ണൂർ സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ ബഹു. ജെയിംസ് വടക്കേൽ അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

• അഭിവന്ദ്യ മാർ മാത്യു പോത്തനാമുഴി പിതാവിന്റെ നാൽപതാം മരണവാർഷികത്തോടനുബന്ധിച്ച് നടത്തപ്പെട്ട ഓൺലൈൻ അനുസ്മരണ യോഗത്തിൽ പങ്കെടുത്തു.

• കോതമംഗലം രൂപത ചെറുപുഷ്പമിഷൻലീഗിന്റെ ആഭിമുഖ്യ ത്തിൽ നടന്ന ആഗോളമിഷൻ സംഗമത്തിൽ പങ്കെടുത്ത് മിഷന റിമാർക്ക് ആശംസകളറിയിച്ച് സംസാരിച്ചു.

12 • ആഗോള തലത്തിൽ നടന്ന 'Mission Quest 2022'-ലെ വിജയി കളെ അഭിനന്ദിക്കാനായി ബിഷപ്സ് ഹൗസിൽ ചേർന്ന യോഗ ത്തിൽ പങ്കെടുക്കുകയും അവർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു.

• കോട്ടപ്പടി സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ ദിവ്യബ ലിയർപ്പിച്ച് സന്ദേശം നൽകുകയും മതബോധനഹാളിന്റെ വെഞ്ച രിപ്പ് കർമ്മം നിർവഹിക്കുകയും ചെയ്തു.

14 • ആവോലിച്ചാൽ ശാന്തിസദൻ ആശ്രമത്തിലെ ചാപ്പലിന്റെ വെഞ്ച രിപ്പ് കർമ്മം നിർവഹിച്ചു.

15-16 • മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ കമ്മീഷൻ വിസിറ്റ് നടത്തി.

17 • ബിഷപ്സ് ഹൗസിൽ വച്ചു നടന്ന മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിന്റെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

19 • കറുകടം ലവേർണയിൽ നടത്തപ്പെട്ട കോതമംഗലം FCC പ്രോവിൻസിലെ സിസ്റ്റേഴ്സിന്റെ ഗോൾഡൻ, സിൽവർ ജൂബി ലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

• കാരക്കുന്നം ഇടവകാംഗമായ ഇടയ്ക്കാട്ടുകുടിയിൽ ബാലുരാജ്

ടോണിയുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

- മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിലെ നവതി ആഘോഷങ്ങളിൽ പങ്കെടുത്തു.

# Bishop's Engagements

## March 2022

| | | | |
|---|---|---|---|
| 02 | Wed | Finance Council | Bishop's House |
| 03 | Thu | 100th School Anniversary | Kaloor |
| 04 | Fri | Pilgrimage | Arakuzha Malekurisu |
| 05 | Sat | Jesus Youth Online Meeting | |
| 07 | Mon | Seminary Commission Online Meeting | |
| 08 | Tues | Mathrudeepthi Meeting (Vanitha Dhinam) | |
| 12 | Sat | KSCL Animators' Meet | NESTT |
| 13 | Sun | Pastoral Visit | Mailacombu |
| 15 | Tues | Priests' Study Forum | NESTT |
| 16 | Wed | Priests' Study Forum | NESTT |
| 17 | Thu | 40 Hours Adoration | Karimanoor |
| 18 | Fri | Blessing of the 7 Stations of St. Joseph & Holy Qurbana | Peringuzha |
| 20 | Sun | Pastoral Visit | Kaliyar |
| 21 | Mon | Budget & Review Meeting | Bishop's House |
| 25 | Fri | Nirmala Public School Jubilee Inauguration | Muvattupuzha |
| 26 | Sat | Major & Minor Orders | NESTT |
| | | Kaikars Meeting | NESTT |
| 27 | Sun | Pastoral Visit | Marika |

# നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. പോൾ തരണിയിൽ (Jr) | ചരമദിനം | 02-04-2010 |
| ഫാ. ജെയിംസ് കുര്യനാൽ | ” | 03-04-2020 |
| ഫാ. ആന്റണി പുതുശ്ശേരി | ” | 04-04-2014 |
| ഫാ. ജോസ് കുരീത്തടം | ” | 06-04-1973 |

| | | |
|---|---|---|
| ഫാ. മാത്യു തെക്കേക്കര (Jr) | ” | 07-04-2019 |
| ഫാ. അഗസ്റ്റിൻ നടുവിലേമാക്കൽ | ” | 11-04-2003 |
| ഫാ. ജോർജ് കൊച്ചുപറമ്പിൽ (Jr) | ” | 13-04-1980 |
| ഫാ. സെബാസ്റ്റ്യൻ കല്ലുങ്കൽ | ” | 15-04-2016 |
| ഫാ. സെബാസ്റ്റ്യൻ തെക്കേക്കുന്നേൽ | ” | 17-04-1965 |
| ഫാ. തോമസ് പീച്ചാട്ട് | ” | 17-04-1985 |
| ഫാ. ജോസഫ് കാവുംപുറം | ” | 20-04-2016 |
| ഫാ. തോമസ് കരിങ്ങാട്ടിൽ | ” | 22-04-2010 |
| ഫാ. ജെയിംസ് പാറത്തലയ്ക്കൽ | ” | 25-04-1969 |
| ഫാ. മാത്യു വലിയമറ്റം | ” | 25-04-2016 |
| മോൺ. തോമസ് നെടുങ്കല്ലേൽ | ” | 27-04-1991 |
| ഫാ. തോമസ് ചെട്ടിപ്പറമ്പിൽ | ” | 28-04-2010 |
| ഫാ. ഫ്രാൻസിസ് കൊച്ചുപുര | ” | 29-04-2001 |

# നിര്യാതരായി

## സി. സിൽവിയ FCC (കാട്ടറുകുടിയിൽ)

| | | |
|---|---|---|
| ഇടവക | - | നിലമ്പൂർ, പാലേമാട് |
| ജനനം | - | 08-09-1932 |
| ആദ്യവ്രതം | - | 02-06-1955 |
| നിത്യവ്രതം | - | 11-05-1959 |
| മരണം | - | 06-02-2022 |
| മൃതസംസ്കാരം | - | 07-02-2022 (ഈസ്റ്റ് വാഴപ്പിള്ളി) |

## സി. ജനേസിയൂസ് SH (പാലിയത്ത്)

| | | |
|---|---|---|
| ഇടവക | - | ആയവന |
| ജനനം | - | 18-10-1939 |
| ആദ്യവ്രതം | - | 02-05-1965 |
| നിത്യവ്രതം | - | 25-07-1970 |
| മരണം | - | 18-02-2022 |
| മൃതസംസ്കാരം | - | 19-02-2022 (മൈലക്കൊമ്പ്) |

# Statement about ownership and other particulars about the magazine "DEIVARAJYAM" (Malayalam)

## (Form IV See Rule 8)

| | | | |
|---|---|---|---|
| 1 | Place of publication | : | Kothamanagalam - 686 691 |
| 2 | Periodicity of its publication | : | Monthly |
| 3 | Printer's Name | : | Rev. Dr. George Thekkekara |
| | Nationality | : | Indian |
| | Address | : | Bishop's House<br>Kothamangalam-686 691 |
| 4 | Publisher's Name etc. | : | As in 3 |
| 5 | Editor's Name etc. | : | As in 3 |
| 6 | Name and address of individuals who own the Newspaper & partners or Shareholders holding more than one percent of the total capital. | : | Diocese of Kothamangalam |

I, Dr. George Thekkekara, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

Rev. Dr. George Thekkekara

Date : 01-03-2022 (Publisher)



തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ
നിയുക്ത മെത്രാപ്പോലീത്താ

**അഭിവന്ദ്യ തോമസ് ജെ. നെറ്റോ പിതാവിന്**

കോതമംഗലം രൂപതാ കുടുംബത്തിന്റെ
അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും

Deivarajyam
March 2022

R.N.7623/63
Registered No : KL/ALY/0020/2020-2022
Date Of Publication : 01/03/2022
Posted at Thodupuzha Stg.
Annual Subscription ₹100

# EPARCHY OF KOTHAMANGALAM

Bishop's House P.B No.6 Kothamangalam - 686 691,
Kerala, India
www.eparchyofkothamangalam.com
www.carlotv.com
eparchyofkothamangalam

SCAN NOW

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691